LIBRARY ARCHIVES Kerala Legislative Assembly

സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്തൽ

31 (1049) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ്സുകളിലെ സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്തി നൽകണമെന്ന നിവേദനത്തിന്മേൽ കേന്ദ്ര ഗവൺമെന്റിൽനിന്നും എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിയുമോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ അനുകൂല തീരുമാനമുണ്ടാകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച അറിയിപ്പുകളൊന്നും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

കലാ പഠനത്തിനായി യോഗ്യതയുള്ളവരെ നിയമിക്കുന്നത്

32 (1050) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ കലാ പഠനത്തിനായി അവിദഗ്ധ അദ്ധ്യാപകരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ഉത്തരവിലെ അശാസ്ത്രീയത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കലാ പഠനത്തിനായി അദ്ധ്യാപന യോഗ്യത നേടിയിട്ടുള്ളവരെ ദിവസക്കൂലി/ താൽക്കാലിക/ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.